15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4994 — 11-08-2021 - ൽ മറുപടിയ്ക്ക്

## സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 01.01.2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാനം എടുക്കാതെ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ തിരുവനന്തപുരം കാര്യാലയത്തിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 01.01.2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാനം എടുക്കാതെ ഫയലുകൾ അനന്തമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി അനുബന്ധ രേഖകൾ പൂർണ്ണമായും ഉൾക്കൊള്ളിച്ച് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി വിഭാഗം ഫാക്കൽട്ടികളുടെ ശമ്പളം 01/01/2016 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് സർക്കാർ പുറപ്പെടുവിച്ച 11/09/2020 - ലെ സ.ഉ(പി) 54/2020/ആ.കു.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി ഗവൺമെന്റ് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | 01.01.2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാനം എടുക്കാതെ ഫയലുകൾ അനന്തമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി അനുബന്ധ രേഖകൾ പൂർണ്ണമായും ഉൾക്കൊള്ളിച്ച് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ |

| | | | |
|---|---|---|---|
| | | | നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി വിഭാഗം ഫാക്കൽട്ടികളുടെ ശമ്പളം 01/01/2016 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് സർക്കാർ പുറപ്പെടുവിച്ച 11/09/2020 - ലെ സ.ഉ(പി) 54/2020/ആ.കു.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി ഗവൺമെന്റ് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ